"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനപ്രവേശിപ്പിച്ച ശ്രീ. ജയരാജൻ വി. (പെൻ 578118), മുൻസിപ്പൽ സെക്രട്ടറി-ഗ്രേഡ് II -ന് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസറായി നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2144/2025/LSGD തീയതി,തിരുവനന്തപുരം, 30-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ 20.06.2025-ൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.07.2025-ലെ LSGD/PD/57799/2023-VIGC5 നമ്പർ ഉത്തരവ്.
3. സ.ഉ.(സാധാ) നം. 1910/2025/തസ്വഭവ. തീയതി 02.08.2025
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.08.2025-ലെ LSGD/PD/8351/2025-DEA1 നമ്പർ കത്ത്.

**ഉത്തരവ്**

ഇരിങ്ങാലക്കുട നഗരസഭാ സെക്രട്ടറി-ഗ്രേഡ് II ആയിരിക്കവെ സസ്പെന്റ് ചെയ്യപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജയരാജൻ വി. (പെൻ-578118) യുടെ സസ്പെൻഷൻ, തദ്ദേശ സ്വയംഭരണ വകുപ്പിലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ പരാമർശം (1) ശിപാർശയുടെ അടിസ്ഥാനത്തിൽ പിൻവലിച്ച് പരാമർശം (2) പ്രകാരം ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചിട്ടുള്ളതാണ്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുട പരാമർശം (4)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സർവ്വീസിൽ പുന:പ്രവേശിപ്പിക്കപ്പെട്ട ശ്രീ. ജയരാജൻ വി. യെ, പരാമർശം (3) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചവരിൽ ഏറ്റവും ജൂനിയറായ ശ്രീ. ജോയ് മാത്യു-നെ റിവർട്ട് ചെയ്യുന്ന ഒഴിവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

3. അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിന്നും റിവർട്ട് ചെയ്യപ്പെടുന്ന ശ്രീ. ജോയ് മാത്യു-ന് ഉചിതമായ നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയരാജൻ വി., അസിസ്റ്റന്റ് ഡയറക്ടർ/ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയംഭരണ വകുപ്പ് *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ*

*ഡയറക്ടർ മുഖേന)*

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ഏ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ

ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മിഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. EPB1/187/2025)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 30-08-2025 11:13:46**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്